ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടായ മണ്ഡലങ്ങൾ

28 (739)ശ്രീ. കെ. സുധാകരൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് നിലവിൽ വന്നശേഷം ഏറ്റവും കൂടുതൽ നിയമസമാധാന പ്രശ്നം ഉണ്ടായ നിയോജകമണ്ഡലം ഏതാണ്;

(ബി) ഈ കാലയളവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ എത്ര കൊലപാതകം, സംഘട്ടനം, രാഷ്ട്രീയ സംഘട്ടനം, കൊലപാതകശ്രമം, ദേഹോപദ്രവം, വസ്തുവകകളുടെ നശിപ്പിക്കൽ എന്നിവ ഉണ്ടായിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലം

കൊലപാതകം	16
സംഘട്ടനം	307
രാഷ്ട്രീയസംഘട്ടനം	360
കൊലപാതകശ്രമം	31
ദേഹോപദ്രവം	906
വസ്തുവക നശിപ്പിക്കൽ	132

എന്നാൽ 28 കൊലപാതകം നടന്ന നിലമ്പൂർ നിയോജകമണ്ഡലത്തിലാണ് ഏറ്റവും അധികം കൊലപാതകം നടന്നിട്ടുള്ളത്.

ക്രമസമാധാനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ

29 (740)ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ ക്രമസമാധാനഭദ്രതയ്ക്ക് സംസ്ഥാനത്ത് പോലീസ് സംവിധാനത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ നിലവിൽവന്നതിനുശേഷം പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പരിശീലനം മെച്ചപ്പെടുത്തി കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനും, പൊതുജനങ്ങൾക്ക് കൂടുതൽ സംരക്ഷണം നൽകുന്നതിനും നീതി ഉറപ്പാക്കുന്നതിനും അനേകം നടപടികൾ സ്വീകരിച്ച് ക്രമസമാധാനഭദ്രത ഉറപ്പ് വരുത്തിയിട്ടുണ്ട്.

തലശ്ശേരി പെരിങ്ങളം പ്രദേശത്തെ ക്രമസമാധാനനില സംബന്ധിച്ച റിപ്പോർട്ട്

30 (741)ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തലശ്ശേരി, പെരിങ്ങളം നിയോജകമണ്ഡലങ്ങളിൽ ആർ.എസ്. എസ്., സി.പി.ഐ.(എം) വിഭാഗങ്ങൾ ഏറ്റുമുട്ടലിന് തയ്യാറെടുക്കുന്നുവെന്നും സ്ഥിതിഗതി സ്ഫോടനാത്മകമാണെന്നും പോലീസിന്റെ രഹസ്യാന്വേഷണവിഭാഗം ഉന്നത പോലീസ് കേന്ദ്രങ്ങൾക്ക് 1999 ഡിസംബർ ആദ്യത്തെ ആഴ്ചയിൽ അറിയിപ്പ് നൽകിയിരുന്നുവോ;

(ബി) എങ്കിൽ ഈ സ്ഥിതിഗതികളെ നേരിടുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) പോലീസ് രഹസ്യാന്വേഷണവിഭാഗത്തിന്റെ മുന്നറിയിപ്പ് പരിഗണിച്ച് സംഘർഷ മേഖലകളിൽ പെട്രോളിംഗ് ഊർജ്ജിതപ്പെടുത്തുകയും കുഴപ്പങ്ങൾ ഉണ്ടാകാൻ ഇടയുള്ള സ്ഥലങ്ങളിൽ പോലീസ് പിക്കറ്റ് ഏർപ്പെടുത്തുകയും ആയുധങ്ങളും സ്ഫോടകവസ്തുക്കളും കണ്ടെത്തുന്നതിനും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും വേണ്ടി വ്യാപകമായ തിരച്ചിൽ നടത്തുകയും ജില്ലയിലെ പോലീസിനെ മൊബിലൈസ് ചെയ്യുകയും സായുധ സേനയിലെ കൂടുതൽ പോലീസുകാരെ സംഘർഷമേഖലകളിൽ വിന്യസിക്കുകയും സീനിയർ പോലീസ് ഓഫീസർമാർ സ്ഥലത്ത് ക്യാമ്പ് ചെയ്ത് സ്ഥിതിഗതികൾ നിയന്ത്രിക്കുവാൻ നേരിട്ട് മേൽനോട്ടം വഹിക്കുകയും ചെയ്തിട്ടുണ്ട്. പാനൂർ, കൂത്തുപറമ്പ്, ചൊക്ലി, ധർമ്മടം, കൊളവല്ലൂർ എന്നീ പോലീസ് സ്റ്റേഷൻ അതിർത്തിയിലും തലശ്ശേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മുൻസിപ്പൽ പ്രദേശം ഒഴികെയുള്ള സ്ഥലത്തും 1.12.99 മുതൽ 11 ദിവസത്തേക്ക് ജില്ലാ കളക്ടർ നിരോധനാജ്ഞ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

തലശ്ശേരി താലൂക്കിലെ നിയമസമാധാന പ്രശ്നങ്ങൾ

31 (742)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ 30, ഡിസംബർ 1,2,3 എന്നീ തീയതികളിലോരോന്നിലും തലശ്ശേരി താലൂക്കിൽ എന്തെല്ലാം വിധത്തിലുള്ള അനിഷ്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ സംഭവങ്ങളിൽ ആരെല്ലാം കൊല്ലപ്പെട്ടു;

(സി) ആർക്കെല്ലാം പരുക്കേറ്റു;

(ഡി) എന്തെല്ലാം നഷ്ടങ്ങളുണ്ടായി; ഈ ദിവസങ്ങളിൽ ആദ്യത്തെ അനിഷ്ട സംഭവം ഉണ്ടായപ്പോൾ തന്നെ കൂടുതൽ സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടിയെടുത്തു; ഈ നടപടികൾ ഫലപ്രദമായിരുന്നോ?

ഉത്തരം

(എ) തലശ്ശേരി താലൂക്കിൽ 1999 നവംബർ 30, ഡിസംബർ 1,2,3 തീയതികളിലുണ്ടായ അനിഷ്ട സംഭവങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly